**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1578** **08-10-2021 - ൽ മറുപടിയ്ക്ക്**

**റബ്ബർ കർഷകർക്ക് സർക്കാർ പ്രഖ്യാപിച്ച താങ്ങുവില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | റബ്ബർ കർഷകർക്ക് സർക്കാർ പ്രഖ്യാപിച്ച താങ്ങുവില കുടിശ്ശിക തീർത്ത് വിതരണം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ? | (എ) | 2015-ൽ തുടങ്ങിയ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ ഏഴാം ഘട്ടം 2021 ജൂലൈയിൽ തുടങ്ങി 2022 ജൂണിൽ അവസാനിക്കുന്ന തരത്തിൽ നിലവിൽ നടപ്പിലാക്കി വരികയാണ് . ഈ പദ്ധതിയിൻ കീഴിൽ ഇതുവരെ അഞ്ചു ലക്ഷം റബ്ബർ കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തിയ 500 കോടി രൂപയിൽ 280 കോടി രൂപ പദ്ധതിയിനത്തിൽ ചെലവഴിച്ചിട്ടുണ്ട് ഈ പദ്ധതിയ്ക്കായി നടപ്പു സാമ്പത്തിക വർഷം 2021-22 -ൽ 500 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നിലവിൽ 2021 ആഗസ്റ്റ് മാസം വരെ റബ്ബർ ബോർഡ് അംഗീകരിച്ച മുഴുവൻ ബില്ലുകളിന്മേലുള്ള സബ്സിഡി തുകയായ 18.95 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ